ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹ്മാൻ):

ഉണ്ട്. വെറ്ററിനറി കോളേജിൽ ആരംഭിച്ചിട്ടുള്ളതു് ഡിഗ്രി കോഴ്സ് ആയതിനാൽ നിശ്ചിത യോഗ്യതകൾ ഇല്ലാത്തവർക്കു് പ്രവേശനം നൽകുന്നതിനു് സാദ്ധ്യമല്ല.

മുഖാന്തിരികളിലേക്കു് അനുവദിച്ചിട്ടുള്ള മരുന്നു്.

* 356. [55] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി, സദയം മറുപടി നൽകുമോ:

(എ) മുഖാന്തിരികളിലേയ്ക്കു് അനുവദിച്ചിട്ടുള്ള മരുന്നു് ഏതെങ്കിലും മുഖാന്തിരിയിലേയ്ക്കു് ഇതുവരെ കൊടുക്കാതിരുന്നുണ്ടോ;

(ബി) ഉവ്വെങ്കിൽ ഏതെല്ലാം മുഖാന്തിരിയിലേയ്ക്കു് കൊടുത്തിട്ടില്ല; കൊടുക്കാത്തതിനു വല്ല കാരണവുമുണ്ടോ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹ്മാൻ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

എറണാകുളം മഹാരാജാസ് കോളേജു പ്രവേശനം.

* 357. [56] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജിൽ വിദ്യാർത്ഥികൾക്കു് പ്രവേശനം നടത്തുന്ന കാര്യത്തിൽ പിന്നോക്കസമുദായങ്ങളിൽപ്പെട്ടവർക്കു് സീറ്റ് റിസർവ്വ് ചെയ്യുന്നതിനു് സമുദായത്തിൽപ്പെട്ട അപേക്ഷകരുടെ ശതമാനം നോക്കിയാണോ;

(ബി) മെഡിക്കൽ കോളേജിലും എൻജിനീയറിംഗ് കോളേജിലും പിന്നോക്കസമുദായക്കാർക്കു് സീറ്റ് റിസർവ്വ് ചെയ്തിട്ടുള്ളതു് ഒരു നിശ്ചിത ശതമാനം അനുസരിച്ചാണോ; അല്ലെങ്കിൽ ടി സമുദായങ്ങളിൽപ്പെട്ട അപേക്ഷകരുടെ ശതമാനം അനുസരിച്ചാണോ;

(സി) അല്ലെങ്കിൽ അതിനു കാരണമെന്തു്?

മുഖ്യമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) അതേ.

(ബി) ആകെയുള്ള സീറ്റുകളുടെ ഒരു നിശ്ചിതശതമാനമാണു് റിസർവ്വ് ചെയ്തിട്ടുള്ളതു്. മെഡിക്കൽ കോളേജിൽ മൂന്നിൽ ഒരു ഭാഗം സീറ്റുകളും എൻജിനീയറിംഗ് കോളേജിൽ 15 ശതമാനം സീറ്റുകളും പിന്നോക്കസമുദായക്കാർക്കു സംവരണം ചെയ്തിട്ടുണ്ടു്.

(സി) വിവിധകോഴ്സുകൾക്കു് ആവശ്യാനുസരണം സീറ്റുകൾ സംവരണം ചെയ്തിരിക്കുകയാണു്.

പാലങ്ങളുടെ പണി.

* 358. [57] ശ്രീ. കെ. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955-56-ൽ പണിയുവാൻ ഉദ്ദേശിച്ചിട്ടുള്ള പാലങ്ങൾ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly